4764
26/5/14

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

പിന്നോക്ക സമുദായ വികസന വകുപ്പ് - വിവിധ പ്രൊഫഷണൽ കോളേജുകളിലും ഹയർ സെക്കന്ററി, വൊക്കേഷണൽ ഹയർ സെക്കന്ററി സ്കൂളുകളിലും പ്രവേശനത്തിന് പിന്നോക്ക വിഭാഗത്തിൽപ്പെട്ട വിദ്യാർത്ഥികൾക്ക് സംവരണം അനുവദിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

==================================================================

**പിന്നോക്ക സമുദായ വികസന (എ) വകുപ്പ്**

സ. ഉ (എം. എസ്) നമ്പർ. 10 /2014/പിസവിവ. തീയതി, തിരുവനന്തപുരം, 23/05/2014

==================================================================

പരാമർശം : - 02.05.1966-ലെ ജി. ഒ. (പി) 208/66/ഇഡിഎൻ.

**<u>ഉത്തരവ്</u>**

വിവിധ പ്രൊഫഷണൽ കോളേജുകളിലും ഹയർ സെക്കന്ററി, വൊക്കേഷണൽ ഹയർ സെക്കന്ററി സ്കൂളുകളിലും പ്രവേശനത്തിന് പിന്നോക്ക വിഭാഗത്തിൽപ്പെട്ട വിദ്യാർത്ഥികൾക്ക് താഴെ വിവരിക്കും പ്രകാരം സംവരണം അനുവദിച്ച് കൊണ്ട് ഉത്തരവ് പുറപ്പെടുവിക്കുന്നു.

1. ധീവര സമുദായത്തിൽപ്പെട്ട (എല്ലാ അവാന്തര വിഭാഗങ്ങളിലും ഉൾപ്പെടുന്ന) വിദ്യാർത്ഥികൾക്ക് 2% വീതം സംവരണം പ്രൊഫഷണൽ കോളേജുകളിലും, ഹയർ സെക്കന്ററി, വൊക്കേഷണൽ ഹയർ സെക്കന്ററി സ്കൂളുകളിലും അനുവദിക്കുന്നു.

2. ലത്തീൻ കത്തോലിക്ക വിഭാഗത്തിൽപ്പെട്ട വിദ്യാർത്ഥികൾക്കൊപ്പം ആംഗ്ലോ ഇന്ത്യൻ വിദ്യാർത്ഥികളെക്കൂടി ഉൾപ്പെടുത്തി പ്രൊഫഷണൽ കോളേജുകളിലും, ഹയർ സെക്കന്ററി, വൊക്കേഷണൽ ഹയർ സെക്കന്ററി സ്കൂളുകളിലും നിലവിലുള്ള 2% സംവരണം 3% ആയി വർദ്ധിപ്പിച്ച് അനുവദിക്കുന്നു.

3. കുടുംബി സമുദായത്തിൽപ്പെട്ട വിദ്യാർത്ഥികൾക്ക് പ്രൊഫഷണൽ കോളേജുകളിലെപ്പോലെ ഹയർ സെക്കന്ററി, വൊക്കേഷണൽ ഹയർ സെക്കന്ററി സ്കൂളുകളിലും 1% സംവരണം അനുവദിക്കുന്നു.

4 വിശ്വകർമ്മ സമുദായത്തിൽ ഉൾപ്പെട്ട സമുദായങ്ങൾക്ക് പ്രൊഫഷണൽ കോളേജുകളിലും ഹയർ സെക്കന്ററി, വൊക്കേഷണൽ ഹയർ സെക്കന്ററി സ്കൂളുകളിലും 2 % സംവരണം അനുവദിക്കുന്നു.

5. പിന്നോക്ക വിഭാഗങ്ങളിൽപ്പെട്ട മൺപാത്ര നിർമ്മാണം കുലത്തൊഴിലാക്കിയ ഒ.ഇ.സി. യിൽ ഉൾപ്പെട്ട കുശവൻ, കുലാലൻ , കുലാലനായർ, കുംഭാരൻ, വേളാൻ, ഓടൻ, കുലാല, ആന്ത്രാനായർ, ആന്ത്രർ നായർ തുടങ്ങിയ വിഭാഗങ്ങളിൽപ്പെട്ടവർക്ക് പ്രൊഫഷണൽ കോളേജുകളിലും, ഹയർ സെക്കന്ററി, വൊക്കേഷണൽ ഹയർ സെക്കന്ററി സ്കൂളുകളിലും 1 % സംവരണം അനുവദിക്കുന്നു.

6. ഒ.ബി.എച്ച് വിഭാഗത്തിൽ സംവരണം അനുഭവിച്ചു കൊണ്ടിരുന്ന ധീവരർ, വിശ്വകർമ്മജർ, കുശവൻ, കുലാലൻ തുടങ്ങിയ സമുദായങ്ങൾക്ക് പ്രത്യേക സംവരണം അനുവദിച്ച സാഹചര്യത്തിൽ ഒ.ബി.എച്ച് വിഭാഗത്തിന് ഇനിമുതൽ പ്രൊഫഷണൽ കോഴ്സുകൾക്കും ഹയർ സെക്കന്ററി

www.sanayam.in

വൊക്കേഷണൽ ഹയർ സെക്കന്ററി സ്കൂളുകളിലും അനുവദിക്കുന്ന സംവരണം 3 % ആയിരിക്കും. ഇത് അനുബന്ധ ലിസ്റ്റിലുള്ള 30 സമുദായങ്ങൾക്കും ബാധകമായിരിക്കും.

7. നിലവിൽ പിന്നോക്ക സമുദായങ്ങളിൽ ഉൾപ്പെടുത്തിയിട്ടുള്ള വണിക-വൈശ്യ തുടങ്ങിയ വിഭാഗങ്ങളിൽപ്പെട്ട സമുദായങ്ങൾക്കും ഒ.ബി.എച്ച്-ൽ ഉൾപ്പെട്ട 30 ഇതര സമുദായങ്ങൾക്കും (പട്ടിക അനുബന്ധമായി ചേർത്തിട്ടുണ്ട്.) വാർഷിക വരുമാന പരിധി ആറ് ലക്ഷം രൂപ കവിയരുതെന്ന നിബന്ധനയ്ക്ക് വിധേയമായി, ഒ.ഇ.സി വിഭാഗത്തിൽ ഉൾപ്പെട്ട വിദ്യാർത്ഥികൾക്ക് അർഹമായ നിരക്കിൽ വിദ്യാഭ്യാസ ആനുകൂല്യങ്ങൾ അനുവദിച്ച് ഉത്തരവാകുന്നു.

ഒ.ബി.എച്ച് വിഭാഗത്തിലെ മറ്റ് സമുദായങ്ങൾക്ക് കൂടി ഈ ഉത്തരവിലൂടെ നൽകിയ വിദ്യാഭ്യാസ ആനുകൂല്യങ്ങൾ ലഭ്യമാക്കേണ്ടതുണ്ടോ എന്ന് പഠിച്ച് റിപ്പോർട്ട് സമർപ്പിക്കുന്നതിനായി പിന്നോക്ക സമുദായ വികസന വകുപ്പ് ഡയറക്ടർ ശ്രീ. വി. ആർ ജോഷിയെ ചുമതപ്പെടുത്തി ഉത്തരവ് പുറപ്പെടുവിക്കുന്നു.

ഗവർണ്ണറുടെ ഉത്തരവിൻപ്രകാരം ,
ഡോ. ആഷ തോമസ്
ഗവൺമെന്റ് പ്രിൻസിപ്പൽ സെക്രട്ടറി.

എല്ലാ അഡീഷണൽ ചീഫ് സെക്രട്ടറിമാർക്കും/പ്രിൻസിപ്പൽ സെക്രട്ടറിമാർക്കും/ സെക്രട്ടറിമാർക്കും.
എല്ലാ ജില്ലാ കളക്ടർമാർക്കും.
എല്ലാ വകുപ്പ് തലവൻമാർക്കും/പൊതുമേഖലാ സ്ഥാപനങ്ങൾക്കും/യൂണിവേഴ്സിറ്റികൾക്കും.
രജിസ്ട്രാർ, കേരള സംസ്ഥാന പിന്നോക്ക വിഭാഗ കമ്മീഷൻ, അയ്യങ്കാളി ഭവൻ, കനകനഗർ, തിരുവനന്തപുരം.
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്) കേരളം, തിരുവനന്തപുരം.
അക്കൗണ്ടന്റ് ജനറൽ (എ & ഇ) കേരളം, തിരുവനന്തപുരം.
ലാന്റ് റവന്യൂ കമ്മീഷണർ, തിരുവനന്തപുരം.
ഡയറക്ടർ, പിന്നാക്ക സമുദായ വികസന വകുപ്പ്, കനക നഗർ, വെള്ളയമ്പലം, തിരുവനന്തപുരം.
ഡയറക്ടർ, പട്ടികജാതി വികസന വകുപ്പ്, അയ്യങ്കാളി ഭവൻ, കനക നഗർ,വെള്ളയമ്പലം, തിരുവനന്തപുരം.
ഡയറക്ടർ, പട്ടികവർഗ്ഗ വികസന വകുപ്പ്, വികാസ് ഭവൻ, തിരുവനന്തപുരം.
ഡയറക്ടർ, വിവര പൊതുജന സമ്പർക്ക വകുപ്പ്, തിരുവനന്തപുരം.
ഇൻഫർമേഷൻ ആഫീസർ, വെബ് & ന്യൂ മീഡിയ (സർക്കാർ വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിലേക്കായി).
ധനകാര്യ വകുപ്പ്.
റവന്യൂ വകുപ്പ്.
കരുതൽ ഫയൽ/ഓഫീസ് കോപ്പി.

പകർപ്പ് : - പൊതുഭരണ (എസ്.സി) വകുപ്പ് 05.03.2014 -ലെ (മന്ത്രിസഭാതീരുമാനം ഇനം നം. 5106 പ്രകാരം).
ബഹു. മുഖ്യമന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിയ്ക്ക്.
പട്ടികജാതി പിന്നോക്ക ക്ഷേമവും വിനോദസഞ്ചാരവും വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിയ്ക്ക്.
പിന്നോക്കസമുദായ വികസന വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിയുടെ പി. എ യ്ക്ക്.
പിന്നോക്കസമുദായ വികസന വകുപ്പ് അഡീഷണൽ സെക്രട്ടറിയുടെ സി. എ യ്ക്ക്.
പിന്നോക്കസമുദായ വികസന വകുപ്പ് ഡെപ്യൂട്ടി സെക്രട്ടറിയ്ക്ക്.

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ

www.sanayam.in

ഭരണാനുമതി.

## List of OBC Communities which are eligible for Educational concessions as is given to OEC

| SL. No. | Name of the Community |
|---|---|
| 1 | Vaniya (Vanika, Vanika Vaisya, Vanibha Chetty, Vaniya Chetty, Ayiravar, Nagarathar and Vaniyan |
| 2 | Veluthedathu Nair (Veluthedan and Vannathan) |
| 3 | Chetty/Chetties (Kottar Chetties, Parakka Chetties, Elur Chetties, Attingal Chetties, Pudukkada Chetties, Iraniel Chetties, Sri Pandara Chetties, Telugu Chetties, Udiyankulangara Chetties, Peroorkada Chetties, Sadhu Chetties, 24 Mana Chetties, Wayanadan Chetties, Kalavara Chetties and 24 Mana Telugu Chetties |
| 4 | Ezhavathi (Vathy) |
| 5 | Ganika |
| 6 | Kanisu or Kaniyar Panicker, Kani or Kaniyan (Ganaka) or Kanisan or Kamnan, Kalari Kurup / Kalari Panicker |
| 7 | Vilkurup, Perumkollan |
| 8 | Yadavas (Kolaya, Ayar, Mayar, Maniyani and Iruman), Erumakkar |
| 9 | Devanga |
| 10 | Pattariyas |
| 11 | Saliyas (Chaliya, Chaliyan) |
| 12 | Pandithar |
| 13 | Vaniar |
| 14 | Ezhuthachan |
| 15 | Chakkala / Chakkala Nair |
| 16 | Reddiars (throughout the State except in Malabar Area) |
| 17 | Kavuthiya |
| 18 | Veerasaiva (Yogi, Yogeeswara, Poopandaram, Malapandaram, Jangam, Matapathi, Pandaram, Pandaran, Vairavi, Vairagi) |
| 19 | Vilakkithala Nair - Vilakkithalavan |
| 20 | Vaduka - Vadukan, Vadugar, Vaduka, Vaduvan |
| 21 | Chavalakkaran |
| 22 | Agasa |
| 23 | Kaikolan |
| 24 | Kannadiyans |
| 25 | Kerala Mudalis |
| 26 | Madivala |
| 27 | Naikkans |
| 28 | Tholkolans |
| 29 | Thottian |
| 30 | Mooppar or Kallan Moopan or Kallan Moopar |